പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *423 27.06.2014-ലെ മറുപടിക്ക്

## പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ:<br>ശ്രീ.ആർ.സെൽവരാജ്:<br>ശ്രീ.എം.പി.വിൻസെന്റ്:<br>ശ്രീ.എ.റ്റി.ജോർജ്ജ്: | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി) |
| (എ) പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീര വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പ്രധാന പദ്ധതികൾ താഴെ ചേർക്കുന്നു.<br>1. ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസും.<br>2. തീറ്റപ്പുൽ കൃഷി വികസന പദ്ധതി.<br>3. കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി.<br>4. ക്ഷീരസഹകരണസംഘങ്ങളുടെ നവീകരണം.<br>5. മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി<br>6. സമഗ്ര ക്ഷീരവികസന പദ്ധതി.<br>7. ക്ഷീരഗ്രാമം പദ്ധതി<br>കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര/സംസ്ഥാന ഗവണ്മെന്റുകളുടെ ധനസഹായത്തോടുകൂടിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) ക്ഷീര കാർഷികമേഖലയെ പ്രോത്സാഹിപ്പിക്കുന്നതു വഴി സംസ്ഥാനത്തിന്റെ പാലുല്പാദന വർദ്ധനവിനുതകുന്ന താഴെപ്പറയുന്ന ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്.<br>• തീറ്റപ്പുൽ ദൗർലഭ്യം നേരിടുന്നതിനായി തീറ്റപ്പുൽക്കൃഷി വികസന പരിപാടികൾ നടപ്പിലാക്കുക.<br>• ക്ഷീരകാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവരിൽ മേഖലയിലെ ശാസ്ത്രീയ അവബോധം വർദ്ധിപ്പിക്കുന്നതിനുതകുന്ന വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.<br>• പാലിന്റെ അടിസ്ഥാന വില പിടിച്ചു നിർത്തുന്നതിൽ മുഖ്യമായ പങ്കു വഹിക്കുന്ന ക്ഷീരസഹകരണ മേഖലയിലെ ക്ഷീര സഹകരണ സംഘങ്ങളെ ശാക്തീകരിക്കുക.<br>• പുതിയ ഡെയറി യൂണിറ്റുകൾ |

നടപ്പിലാക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾക്ക് പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പദ്ധതി നടപ്പിലാക്കുക.

- പാൽ ഗുണനിലവാര പരിശോധനാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ക്ഷീരസംഘം പ്രതിനിധികൾക്കും പാൽ ഗുണ നിലവാരം സംബന്ധിച്ച അവബോധ വർദ്ധനവിന് ഉതകുന്ന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.
- കർഷകർ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റ സബ്സിഡി അനുവദിക്കുക.

പാലിന്റെ ഉല്പാദനം, ഗുണനിലവാരം എന്നിവ വർദ്ധിപ്പിക്കുക, കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിറ്റഴിച്ച് കർഷകർക്ക് പരമാവധി വിലയും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുക, പാലിന്റെ സംസ്കരണശേഷി വർദ്ധിപ്പിക്കുക, ക്ഷീരോല്പാദക മേഖലകളിൽ കർഷകരെ നിലനിർത്തുക, സംസ്ഥാന പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നിവ മിൽമ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

(സി) പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം പശു/കിടാരി യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡി അനുവദിക്കുക, കാലിത്തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം, കറവയന്ത്രം വാങ്ങുന്നതിന് ധനസഹായം എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നു. പശു/കിടാരി വളർത്തൽ യൂണിറ്റ് ആരംഭിക്കുന്നതിന് സബ്സിഡി അനുവദിക്കുകയും മേൽത്തരം പശുക്കളെ/കിടാരികളെ അന്യസംസ്ഥാനത്തു നിന്നും വാങ്ങണമെന്ന നിബന്ധനയിലൂടെ സംസ്ഥാനത്തെ കാലിസമ്പത്തു വർദ്ധിപ്പിക്കുകയും അതുവഴി ആഭ്യന്തര ഉല്പാദനം വർദ്ധിക്കുകയും ചെയ്യുന്നു.

ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസും മുഖേന
കർഷക സമ്പർക്ക പരിപാടികൾ, ഗുണമേന്മാ ബോധവൽക്കരണ പരിപാടികൾ, ക്ഷീരപരിശീലന കേന്ദ്രങ്ങൾ വഴി കർഷകർക്കും, ക്ഷീരസംഘം പ്രതിനിധികൾക്കും പരിശീലനം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു.

തീറ്റപ്പുൽ കൃഷി വികസന പദ്ധതി പ്രകാരം പുൽക്കൃഷി നടത്തുന്നതിന് പ്രോത്സാഹനമായി ധനസഹായം ലഭ്യമാക്കുന്നു.

ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം എന്ന പദ്ധതി മുഖേന ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുകയും പാൽ സംഭരണവും വിപണനവും കൂടുതൽ വിപുലമാക്കുകയും ചെയ്യുവാൻ സംഘങ്ങളെ സഹായിച്ചു വരുന്നു.

(ഡി) പദ്ധതിയ്ക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(ഡി) ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസ്, ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം, കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി എന്നിവയ്ക്ക് തുടർപദ്ധതി എന്ന നിലയിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റു പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ